മിച്ച ഒരു കമ്മറ്റി യോഗ്യരായവരെ തെരഞ്ഞെടുത്തിട്ടുള്ളത്. നിശ്ചിത യോഗ്യതയുള്ള കേരളഹൗസ് ജീവനക്കാർക്ക് അപേക്ഷിക്കുവാൻ യാതൊരു വിലക്കും കൽപ്പിച്ചിരുന്നില്ല.

(എഫ്)സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ ലിസ്റ്റിന് ഗവൺമെന്റ് കാലാവധിയൊന്നും നിശ്ചയിച്ചിരുന്നില്ല.

(ജി)&(എച്ച്) നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും നേരിട്ട് നടത്തിയ നിയമനം വിവേചനപരമാണെന്ന് ഗവൺമെന്റ് കരുതുന്നില്ല.

60 (60) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ഉദ്യോഗസ്ഥൻമാരുടെ അലവൻസ്

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ എക്സിക്യൂട്ടീവ് സ്റ്റാഫിന് സ്പെഷ്യൽ പേ, വിജിലൻസ് ഡ്യൂട്ടി അലവൻസ് എന്നിവ നൽകുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഈ വിഭാഗക്കാർക്ക് 20 ശതമാനം അധിക ശമ്പളം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിജിലൻസ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ പേയോ വിജിലൻസ് ഡ്യൂട്ടി അലവൻസോ നൽകുന്നുണ്ടോ;

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ മിനിസ്റ്റീരിയൽ ജീവനക്കാരും എസ്സിക്യൂട്ടീവ് ജീവനക്കാർക്കൊപ്പം പ്രത്യേകമായതും രഹസ്യ സ്വഭാവമുള്ളതുമായ ജോലികളാണ് ചെയ്യുന്നത് എന്ന വസ്തുത പരിഗണിച്ച് അവർക്കും എക്സിക്യൂട്ടീവ് ജീവനക്കാർക്ക് അനുവദനീയമായ പ്രത്യേക ആനുകൂല്യങ്ങൾ അനുവദിക്കുമോ?

ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ എക്സിക്യൂട്ടീവ് സ്റ്റാഫിനെ പോലീസ് വകുപ്പിൽനിന്നും ട്രാൻസ്ഫർ മുഖേനയാണ് നിയമിക്കുന്നത്. പോലീസ് വകുപ്പിലെ ജോലിയിൽനിന്നും തികച്ചും വ്യത്യസ്തവും ശ്രമകരവും രഹസ്യസ്വഭാവം ഉള്ളതുമാണ് ഈ വകുപ്പിലെ ജോലി. ആയതിനാൽ സമർത്ഥരും സത്യസന്ധരും നിസ്വാർത്ഥരുമായ ഉദ്യോഗസ്ഥരെ ഈ ബ്യൂറോയിലേക്ക് ആകർഷിക്കുന്നതിനുവേണ്ടിയാണ് ഇവിടത്തെ എക്സിക്യൂട്ടീവ് സ്റ്റാഫിന് സ്പെഷ്യൽ പേ, വിജിലൻസ് ഡ്യൂട്ടി അലവൻസ് എന്നിവ നൽകുന്നത്.

(ബി) 6.3.99-ലെ 28/99 വി.ജി.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് സ്റ്റാഫിന് പഴയ നിരക്കിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം വിജിലൻസ് ഡ്യൂട്ടി അലവൻസ് അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇതുസംബന്ധിച്ച ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly